**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 263** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ലഭ്യമാക്കുന്ന സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ സുരക്ഷയും ആരോഗ്യവും സംരക്ഷിക്കുന്നതിന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ; | (എ) | ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ ഇൻസ്പെക്ടർമാർ വ്യവസായശാലകൾ പരിശോധിച്ച് തൊഴിലാളികളുടെ സുരക്ഷിതത്വം, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്ന 20-ഓളം നിയമങ്ങൾ, ഫാക്ടറികളിൽ ഫാക്ടറി മാനേജ്മെന്റ് നടപ്പിൽവരുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും നിയമലംഘകർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. തൊഴിൽ-ആരോഗ്യ പരിശീലനകേന്ദ്രമായ ഒക്യുപേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (OTI) വഴിയും സുരക്ഷാരഥം എന്ന സഞ്ചരിക്കുന്ന പരിശീലനവാഹനം ഉപയോഗിച്ചും മേഖലപരിശീലനകേന്ദ്രങ്ങൾ വഴിയും ആരോഗ്യ-സുരക്ഷിതത്വ - അവബോധ പരിശീലനപരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ഒക്കുപേഷണൽ ഹെൽത്ത് ആന്റ് റിസർച്ച് സെന്റർ (OHRC)-ന്റെ നേതൃത്വത്തിൽ കയർ, ക്രഷർ, കശുവണ്ടി, മത്സ്യസംസ്കരണം, പാക്കിങ്ങ്, ടെക്സ്റ്റൈൽ, തേയില ഫാക്ടറികൾ, സോൾവെന്റ് എക്സ്ട്രാക്ഷൻസ്, ഇലക്ട്രോണിക്സ്, ഇലക്ട്രോപ്ലേറ്റിങ്ങ് എന്നീ മേഖലകളിൽ തൊഴിൽജന്യ രോഗനിർണ്ണയ സർവ്വേയും ഇൻഡസ്ട്രിയൽ ഹൈജീൻ ലാബിന്റെ സഹായത്തോടെ എയർ മോണിറ്ററിംഗ് സ്റ്റഡിയും നടത്തി തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. തൊഴിൽജന്യരോഗ സംശയനിവാരണത്തിന് തൊഴിലാളികൾക്ക് വേണ്ടി ടെലിമെഡിസിൻ പദ്ധതിയും ഫാക്ടറിയുടമകൾക്കും ഫാക്ടറി മാനേജ്മെന്റിനും വേണ്ടി "കണ്ടിന്യൂയിങ്ങ് ഒക്ക്യൂപ്പേഷണൽ സേഫ്റ്റി & ഹെൽത്ത് എഡ്യൂക്കേഷൻ" (CoSHE) എന്ന പേരിൽ ബോധവത്ക്കരണ പരിപാടികളും നടത്തിവരുന്നു. |

| | | | |
|---|---|---|---|
| | | | തൊഴിൽ അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി "ആക്സിഡന്റ് പ്രിവൻഷൻ ത്രൂ സേഫ്റ്റി സർവ്വയലൻസ് സ്റ്റഡി" (APSS) എന്ന പദ്ധതിയും ഫാക്ടറിയിൽ രാസവാതകചോർച്ച ഉണ്ടായാൽ പരിസരവാസികൾക്ക് മൊബൈലിലൂടെ ഉടനടി അറിയിപ്പ് നൽകുന്നതിനുവേണ്ടി "റിമോട്ട് സെൻസിങ്ങ് എനേബിൾഡ് ഓൺലൈൻ കെമിക്കൽ എമർജൻസി റെസ്പോൺസ് സിസ്റ്റം" (ROCERS) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ രാസദുരന്തങ്ങൾ ലഘൂകരിക്കുന്നതിനു വേണ്ടി എല്ലാ ജില്ലകളിലും ജില്ലാ ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് രൂപീകരിച്ച്, ഓഫ് സൈറ്റ് എമർജൻസി പ്ലാൻ തയ്യാറാക്കുകയും അതുപ്രകാരം മോക്ക്ഡ്രിൽ നടത്തിവരുകയും ചെയ്യുന്നു. |
| (ബി) | ഫാക്ടറി രജിസ്ട്രേഷന്റേയും ലൈസൻസിംഗിന്റേയും രംഗത്ത് വകുപ്പിന്റെ ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് വൻ അപകട സാധ്യതയുള്ള ഫാക്ടറികൾക്ക് (മേജർ ആക്സിഡന്റ് ഹസാർഡസ്) ഫാക്ടറികൾക്ക് സെക്ഷൻ 41 (എ) പ്രകാരം സൈറ്റ് അപ്രൈസൽ, ഫാക്ടറി കെട്ടിടങ്ങളുടെ പ്ലാൻ അംഗീകരിച്ച് കെട്ടിടങ്ങളുടെ നിർമ്മാണ അനുമതി (പെർമിറ്റ്), ഫാക്ടറികളുടെ പ്ലാൻ അംഗീകരിച്ച് നൽകിയ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയശേഷം ലൈസൻസ് നൽകൽ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളായും, മറ്റ് ഫാക്ടറികൾക്ക് ഫാക്ടറി കെട്ടിടങ്ങളുടെ പ്ലാൻ അംഗീകരിച്ച് കെട്ടിടങ്ങളുടെ നിർമ്മാണ അനുമതി (പെർമിറ്റ്), ഫാക്ടറികളുടെ പ്ലാൻ അംഗീകരിച്ച് നൽകിയ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയശേഷം ലൈസൻസ് നൽകൽ എന്നിങ്ങനെ രണ്ട് ഘട്ടങ്ങളായും, ചെറുകിട ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ എന്ന ഒരു ഘട്ടമായും ലൈസൻസിങ്ങ് പ്രക്രിയ നടപ്പിലാക്കുന്നു. |
| (സി) | ദുരന്ത മുന്നറിയിപ്പുകൾ നൽകുന്നതിനും സുരക്ഷാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | അപകട സാധ്യത കൂടിയ കേരളത്തിലെ കെമിക്കൽ, പെട്രോകെമിക്കൽ ഫാക്ടറികളിൽ വാതക ചോർച്ച ഉണ്ടായാൽ ഉണ്ടാകുന്ന ദുരന്തം തൊഴിലാളികളെയും പരിസരവാസികളെയും മൊബൈൽ "എസ്.എം.എസ്" മുഖേനയും ദുരന്തനിവാരണ ഏജൻസികൾ വഴിയും മുൻകൂട്ടി അറിയിക്കുന്നതിന് "റിമോട്ട് സെൻസിങ്ങ് എനേബിൾഡ് ഓൺലൈൻ കെമിക്കൽ എമർജൻസി റെസ്പോൺസ് സിസ്റ്റം" (ROCERS) എന്ന പദ്ധതി ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | തൊഴിൽപരമായ രോഗങ്ങൾ കണ്ടെത്തുന്നതിന് വകുപ്പിന് സംവിധാനങ്ങളുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഒക്കുപേഷണൽ ഹെൽത്ത് ആന്റ് റിസർച്ച് സെന്റർ (OHRC)-ന്റെ ആഭിമുഖ്യത്തിൽ അപകടകരമായ സാഹചര്യങ്ങളിലും |

| | | | |
|---|---|---|---|
| | | | അന്തരീക്ഷത്തിലും ജോലിചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും വൈദ്യപരിശോധന നടത്തുന്നതിനും തൊഴിൽജന്യ രോഗങ്ങൾ കണ്ടെത്തുന്നതിനും ആരോഗ്യ സർവേകൾ നടത്തി വരുന്നു. കേരളത്തിലെ വിവിധ ജില്ലകളിൽ ക്രഷർ, കശുവണ്ടി, കയർ, മത്സ്യ സംസ്കരണം, പാക്കിംഗ്, ടെക്സ്റ്റൈൽ എന്നീ മേഖലകളിലായി നാളിതുവരെ 10 ഉത്പാദനമേഖലകളിൽ തൊഴിൽജന്യരോഗ നിർണ്ണയസർവ്വെ വകുപ്പ് നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ